# നിലയ്ക്കൽ ഭദ്രാസന പൊതുയോഗം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന പൊതുയോഗം ഭദ്രാസനാസ്ഥാനമായ റാന്നി സെന്റ് തോമസ് അരമനയിൽ വച്ച് ആഗസ്റ്റ് 16-ന് ഭദ്രാസനാധിപൻ അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ.ഫാ.വർഗീസ് വട്ടമല ധ്യാനം നയിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്റർ, ആങ്ങമൂഴി ഉർശ്ലേം മാർത്തോമ്മൻ കാതോലിക്കേറ്റ് സെന്റർ, അയിരൂർ വെള്ളയിൽ മാർ ഗ്രീഗോറിയോസ് മിഷൻ സെന്റർ എന്നിവിടങ്ങളിലെ വിവിധ കർമ്മ പദ്ധതികൾക്കും ഭദ്രാസന വികസന പ്രവർത്തനങ്ങൾക്കുമായി മൂന്ന് കോടി എൺപത്തിയൊന്ന് ലക്ഷം രൂപയുടെ ബഡ്ജറ്റ് അവതരിപ്പിച്ചു. വിദ്യാഭ്യാസ ആതുര മേഖലകളിൽ കൂടുതൽ പ്രവർത്തനങ്ങൾ സാധ്യമാക്കുവാൻ ഭദ്രാസന പൊതുയോഗം തീരുമാനിച്ചു. സഭാ മാനേജിങ് കമ്മറ്റിയംഗം അഡ്വ.മാത്യൂസ് മഠത്തേത്ത്, ഭദ്രാസന കൗൺസിൽ അംഗങ്ങളായ റവ.ഫാ.എബി വർഗീസ്, ശ്രീ.കെ.എ.എബ്രഹാം, അഡ്വ.അനിൽ വർഗീസ് എന്നിവർ പ്രമേയങ്ങൾ അവതരിപ്പിച്ചു. റവ.ഫാ.ജോജി മാത്യു, ശ്രീ.ജേക്കബ് മാത്യു എന്നിവർ പ്രസംഗിച്ചു. ഭദ്രാസനത്തിലെ 39 ദേവാലയങ്ങളിൽ നിന്നായി വൈദികരും പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിച്ചു.